**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 928** **10-08-2023 - ൽ മറുപടിയ്ക്ക്**

**അച്ചൻകോവിൽ ആവണിപ്പാറ ഗിരിവർഗ്ഗ കോളനിയിലെ കുട്ടികളുടെ സ്കൂൾ യാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ അച്ചൻകോവിൽ ഗവ.വി.എച്ച്.എസ്.എസ്., ചെമ്പനരുവി എൽ.പി.എസ്. എന്നീ സ്കൂളുകളിൽ പഠിക്കുന്ന അച്ചൻകോവിൽ ആവണിപ്പാറ ഗിരിവർഗ്ഗ കോളനിയിലെ കുട്ടികൾ അച്ചൻകോവിലാർ മുറിച്ചു കടന്നാണ് സ്കൂളിൽ എത്തുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അച്ചൻകോവിലാറിന് കുറുകെ പാലം ഇല്ലാത്തതിനാൽ പ്രസ്തുത കോളനിയിലെ കുട്ടികൾക്ക് ആറിൽ ജലനിരപ്പ് ഉയരുന്ന സമയങ്ങളിൽ സ്കൂളിലെത്താൻ കഴിയുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലത്ത് ട്രൈബൽ ഡിപ്പാർട്ട്മെന്റ് ലഭ്യമാക്കിയ വള്ളം ഉപയോഗശൂന്യമായതിനാൽ നിലവിലുള്ള മുളച്ചങ്ങാടം ശക്തമായ ഒഴുക്കുള്ളപ്പോൾ ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ മുപ്പത്തൊന്ന് ഗിരിവർഗ്ഗ കുടുംബങ്ങൾക്ക് അച്ചൻ കോവിലിലേക്ക് വരാൻ കഴിയാതെ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>അരുവാപ്പുലം ഗ്രാമപഞ്ചായത്ത് മുഖേന പുതിയ വള്ളം വാങ്ങി നൽകുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് അല്ലെങ്കിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് അച്ചൻകോവിലാറിന് കുറുകെ പാലം നിർമിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ? | (ഡി) | ആവണിപ്പാറ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന, സ്ഥല സർവ്വേ എന്നിവയ്ക്കായി ആലപ്പുഴ പൊതുമരാമത്ത് (പാലം) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 3,70,000/-രൂപ ആലപ്പുഴ പി.ഡബ്ല്യൂ.ഡി എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. മണ്ണ് പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാലം പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ